# വിരൂപനായ ജുലൈബീബിന്റെ ആദർശവതിയായ വധു

**മുസ്‌ലിംകൾ** വിജയിച്ച ഒരു യുദ്ധസന്ദർഭം. വിജയ കാരണങ്ങൾ വിലയിരുത്തുകയാണ് നബി(സ)യും അനുയായികളും. ആരൊക്കെ രക്തസാക്ഷികളായി എന്ന് നബി(സ) ആരാഞ്ഞു. സ്വഹാബിമാർ ഏതാനും യോദ്ധാക്കളുടെ പേര് പറഞ്ഞു. 'മറ്റാരെങ്കിലുമുണ്ടോ?' നബി ചോദിച്ചു. വീണ്ടും ചിലരുടെ പേര് സ്വഹാബികൾ പറഞ്ഞു: 'ഇനി വല്ലവരും'?- നബി(സ) ചോദ്യം തുടർന്നു. 'ഇനി ആരുമില്ല' സ്വഹാബികൾ തീർത്തു പറഞ്ഞു. 'ഉണ്ട്, നബി(സ) പറഞ്ഞു. 'ജുലൈബീബിനെ കാണാനില്ല'.

ഇതു കേട്ട് അനുയായികൾ നബിയോടൊപ്പം യുദ്ധക്കളത്തിലെത്തി തെരച്ചിലായി. ഒരാൾ പറഞ്ഞു: 'അതാ ജുലൈബീബ് രക്തം പുരണ്ടു കിടക്കുന്നു. വെട്ടും കുത്തും ധാരാളം ഉണ്ട്.' നബിയും സ്വഹാബിമാരും ജുലൈബീബ് രക്തസാക്ഷിയായിക്കിടന്ന സ്ഥലത്തു ചെന്നു. അദ്ദേഹത്തിന്റെ മൃതദേഹം ഏഴു ശത്രുസൈനികരുടെ ജഡങ്ങൾക്കിടയിൽ കിടക്കുകയായിരുന്നു. അദ്ദേഹം തനിച്ച് ആ ഏഴ് പടയാളികളുമായി പോരാടുകയാണുണ്ടായത്. ഏഴു പേരെയും അദ്ദേഹം വകവരുത്തി. ഒടുവിൽ അദ്ദേഹം രക്തസാക്ഷിയായി. നബി(സ) പറഞ്ഞു: 'ജുലൈബീബ് സ്വർഗസ്ഥനാണ്. അദ്ദേഹം എന്നോടൊപ്പമാണ്; ഞാൻ അദ്ദേഹത്തോടൊപ്പവും'. നബിസ(സ) സ്വന്തം കൈകൾ കൊണ്ട് മൃതദേഹം താങ്ങിയെടുത്ത് ഖബ്‌റിലിറക്കി.

ശരീരകാന്തിയും രൂപലാവണ്യവും ഇല്ലാത്ത, ഒരു വിരൂപിയായിരുന്നു ജുലൈബീബ്. വൈരൂപ്യവും ശരീരത്തിന്റെ കറുകറുപ്പും പൊക്കക്കുറവും കാരണം സമൂഹം തന്നെ അധഃകൃതനായി കാണുന്നതിൽ അദ്ദേഹത്തിന് വളരെയധികം മനോവിഷമമുണ്ടായി. ഇക്കാരണത്താൽ സമൂഹത്തിൽനിന്ന് അകന്നു മാറിയാണ് അദ്ദേഹം കഴിഞ്ഞിരുന്നത്.

ജുലൈബീബിന്റെ സൗന്ദര്യം പക്ഷേ അദ്ദേഹത്തിന്റെ ഹൃദയത്തിലാണ്. അതിന് ഇസ്‌ലാമിന്റെ സൗന്ദര്യം, ഈമാന്റെ സൗന്ദര്യം എന്നൊക്കെ പറയാം. അല്ലാഹുവിനെയും റസൂലിനെയും ദീനിനെയും സഹപ്രവർത്തകരെയും സ്നേഹത്തിൽ ചാലിച്ചും താലോലിച്ചുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഉച്ചനീചത്വവും വർണവെറിയും വൈരൂപ്യവുമൊന്നും ഇസ്‌ലാമിന്റെ സമത്വഭാവനയിൽ പരിഗണനീയമേ അല്ല എന്ന് നല്ല ബോധ്യമുണ്ടായിരുന്നെങ്കിലും, സ്വാഭാവികമായ ഒരു അപകർഷബോധം അദ്ദേഹത്തെയും പിടികൂടാതിരുന്നില്ല. തന്റെ ദയനീയ സ്ഥിതി അദ്ദേഹം പലവുരു നബിയുമായി പങ്കുവെക്കുകയും ചെയ്തിരുന്നു.

ജുലൈബീബിന്റെ ഒറ്റപ്പെട്ട ജീവിതത്തിനും അപകർഷബോധത്തിനും അറുതിയുണ്ടാക്കുന്ന കാര്യം നബി(സ)ക്ക് ചിന്താവിഷയമായി. ഒരു വിവാഹത്തിലൂടെ, ഇണയോടൊത്തുള്ള കൂട്ടുജീവിതം വഴി ഇതിന് പരിഹാരം കാണാം എന്ന് നബി നിശ്ചയിച്ചു. വിവരം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'എന്ത്, വിവാഹമോ? എനിക്ക് പെണ്ണുതരാനാരുണ്ട് നബിയേ?' നബി ഒരു അൻസ്വാരി യുവതിയുടെ പേര് പറഞ്ഞ് അവളെ ചെന്ന് കാണാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. നബിയുടെ കൽപന പോലെ, അദ്ദേഹം പെൺകുട്ടിയുടെ വീട്ടിൽ ചെന്നു അവളുടെ മാതാപിതാക്കളെ വിവരം ധരിപ്പിച്ചു. അവർ അമ്പരന്നു. 'എന്താണിക്കേൾക്കുന്നത്? രൂപവതിയും തറവാട്ടിൽ പിറന്നവളുമായ ഞങ്ങളുടെ പ്രിയ മകളെ, വെറും അടിമയും വിരൂപനുമായ ഒരുവന് വിവാഹം ചെയ്തു കൊടുക്കുകയോ?'

അവരുടെ അമ്പരപ്പിനെ ഭേദിച്ചുകൊണ്ട്, അകത്തുനിന്ന് ഖുർആനിലെ ഒരു വചനം ഉയർന്നു കേട്ടു: "അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ ആ കാര്യത്തിൽ സ്വന്തമായ ഒരു തീരുമാനമെടുക്കാൻ യാതൊരു വിശ്വാസിക്കും വിശ്വാസിനിക്കും അവകാശമില്ലാത്തതാകുന്നു. ആര് അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നുവോ അവർ സ്പഷ്ടമായ ദുർമാർഗത്തിലകപ്പെട്ടുപോയി" (33:36).

ജുലൈബീബിന്റെ പ്രതിശ്രുത വധുവാണ് ആ ഖുർആൻ വചനം ഉരുവിട്ടത്. അവൾ തുടർന്നു: "നബി (സ) എനിക്കായി കണ്ടുവെച്ച ജുലൈബീബിനെയാണ് എനിക്ക് ഭർത്താവായി വേണ്ടത്." വിവാഹം നടന്നു. നബിയും സ്വഹാബിമാരും വിവാഹാശംസകൾ നേർന്നു.

നവവധുവുമായുള്ള ദാമ്പത്യ ജീവിതത്തിനിടയിലാണ് യുദ്ധാഹ്വാനം കേട്ട് ജുലൈബീബ് പടക്കളത്തിലിറങ്ങി ശഹീദായത്. ■